വർഷത്തിനു താഴെ സർവീസുള്ളവർക്ക് പ്രതിമാസം കുറഞ്ഞത് 400 രൂപയും അതിൽ കൂടുതൽ വർഷം സർവ്വീസുള്ളവർക്ക് ഓരോ വർഷത്തേയും സേവന ദൈർഘ്യം കണക്കിലെടുത്ത് ആനുപാതികമായി ക്ലിപ്ത തുകയും, കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ക്ഷാമാശ്വാസവും ലഭിക്കും. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഉണ്ട്. എന്നാൽ കുടിശ്ശിക നൽകുന്ന കാര്യം പരിഗണനയിലില്ല.

(സി) കണക്കാക്കിവരുന്നു

(ഡി) ഈ സ്കീമിൽ പെൻഷൻ അനുവദിക്കുന്നതിന് ഇപ്പോഴും അപേക്ഷകൾ ലഭിച്ചുവരുന്നു. എത്ര പേർക്ക് അർഹതയുണ്ടാകുമെന്ന് ഇതുവരെ കണക്കാക്കിയിട്ടില്ല. അതുകൊണ്ട് സാമ്പത്തിക ബാധ്യതയും ഇപ്പോൾ തിട്ടപ്പെടുത്താൻ കഴിയുകയില്ല.

22 (3348) ട്രഷറിയിൽ നിന്നും പെൻഷൻ കുടിശ്ശിക തട്ടിയെടുത്തതായി പരാതി

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പുതിയറ സബ്ട്രഷറിയിൽ നിന്നും 17 പേരുടെ പെൻഷൻ കുടിശ്ശിക തട്ടിയെടുത്ത കേസ്സിന്റെ അന്വേഷണം ഇപ്പോൾ ഏതവസ്ഥയിൽ ആണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കേസിലെ പ്രതികളായ ഉദ്യോഗസ്ഥൻമാർ ആരൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പ്രതികൾ ഇപ്പോൾ സർവ്വീസിൽ ഉണ്ടോ;

(ഡി) എന്നാണ് സസ്പെൻഷന് ശേഷം ഇവരെ സർവ്വീസിൽ പ്രവേശിപ്പിച്ചത് എന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ; തട്ടിപ്പിനിരയായ 17 പെൻഷൻകാരുടെ പെൻഷൻ കുടിശ്ശിക ബില്ലുകൾ പാസാക്കിയ ഉദ്യോഗസ്ഥർ ആരാണ്;

(ഇ) ഈ ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്തിരുന്നുവോ;

(എഫ്) സസ്പെൻഷന് ശേഷം അദ്ദേഹത്തെ എന്നാണ് സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചത്;

(ജി) ഇദ്ദേഹത്തിനെതിരെ വിജിലൻസ് കേസ് നിലവിലുണ്ടോ; ഇപ്പോൾ ഏത് കേഡറിലാണ് ജോലി ചെയ്യുന്നത്, കേസ്സിൽ പ്രതിയായ സമയത്ത് ഏത് തസ്തികയിൽ ആയിരുന്നു; വിജിലൻസ് കേസിൽ പ്രതിയാകുകയും സസ്പെൻഷന് വിധേയമാകുകയും ചെയ്ത ഉദ്യോഗസ്ഥനെ കുറ്റവിമുക്തനാക്കുന്നതിന് മുൻപ് സ്ഥാനക്കയറ്റങ്ങൾ നൽകി നിയമിക്കുമോ എന്ന് വിശദമാക്കുമോ;

(എച്ച്) വിജിലൻസ് അന്വേഷിക്കുന്ന തട്ടിപ്പു കേസ്സിൽ ഈ ഉദ്യോഗസ്ഥൻ എത്രാമത്തെ പ്രതിയാണെന്ന് വ്യക്തമാക്കുമോ;

(ഐ) പെൻഷൻ തട്ടിപ്പിനിരയായ 17 പേർക്കും തട്ടിപ്പുമൂലം നഷ്ടപ്പെട്ട പെൻഷൻ കുടിശ്ശിക പലിശസഹിതം പുനർവിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ പുതിയറ സബ്ട്രഷറിയിൽനിന്നും പെൻഷൻ കുടിശ്ശിക തട്ടിയെടുത്ത കേസ്സിന്റെ - വിജിലൻസ് വിഭാഗം അന്വേഷണം പൂർത്തിയായിട്ടുണ്ട്. അതിൻമേൽ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) വിജിലൻസ് അന്വേഷണ റിപ്പോർട്ടിൻപ്രകാരം 7 ഉദ്യോഗസ്ഥരെ പ്രതിയാക്കിയിട്ടുണ്ട്.

1. ശ്രീ. എം.ടി. വിശ്വനാഥൻ,
   സീനിയർ അക്കൗണ്ടന്റ് സബ് ട്രഷറി, പുതിയറ
2. ശ്രീ. എൻ. സുബ്രഹ്മണ്യൻ, ട്രഷറർ ”
3. ശ്രീ. പി.കെ. രാമചന്ദ്രൻ, ട്രഷറർ ”
4. ശ്രീ. കെ.ഐ. രാധാകൃഷ്ണൻ, ട്രഷറർ ”
5. ശ്രീ. കെ. ബാലകൃഷ്ണൻ, ട്രഷറർ ”
6. ശ്രീ. വി. പ്രഭാകരൻ, ജൂനിയർ അക്കൗണ്ടന്റ് ”
7. ശ്രീ. ടി.പി. ലോഹിതാക്ഷൻ,
   സബ് ട്രഷറി ഓഫീസർ ”

ഇതിൽ ആദ്യത്തെ പ്രതിയുടെ പേരിൽ പ്രോസിക്യൂഷൻ നടപടിയും മറ്റുള്ള ആൾക്കാരുടെ പേരിൽ വകുപ്പുതല-അച്ചടക്ക നടപടികളുമാണ് വിജിലൻസ് വിഭാഗം ശുപാർശ ചെയ്തിട്ടുള്ളത്.

(സി) ശ്രീ. കെ. ബാലകൃഷ്ണൻ ഒഴികെ ബാക്കിയുള്ള എല്ലാവരും ഇപ്പോൾ സർവ്വീസിൽ ഉണ്ട്.

(ഡി) ശ്രീ. എം.ടി. വിശ്വനാഥനെ 1-1-99-ലും ബാക്കിയുള്ളവരെ 30-4-92-ലെ ജി.ഒ.ആർ.ടി.) നം.108/92/വിജിലൻസ് ഉത്തരവുപ്രകാരവും സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. 17 പെൻഷൻകാരുടെ കുടിശ്ശിക ബില്ലുകൾ പാസ്സാക്കിയ ഉദ്യോഗസ്ഥനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ വ്യക്തമായി പറയുന്നില്ല.

(ഇ) ഓഫീസ് മേലധികാരി എന്നനിലയിൽ ശ്രീ. ടി.പി. ലോഹിതാക്ഷനെ (സബ്ട്രഷറി ഓഫീസർ, പുതിയറ) സസ്പെന്റ് ചെയ്തിരുന്നു.

(എഫ്) 30-4-92-ലെ ജി.ഒ.ആർ.ടി.) നം.108/92/വിജിലൻസ് ഉത്തരവ് പ്രകാരം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു.

(ജി) ഇദ്ദേഹത്തിനെതിരെ ഇപ്പോൾ വിജിലൻസ് കേസ് നിലവിലില്ല. ജില്ലാ ട്രഷറി ഓഫീസർ കേഡറിലാണ് ഇപ്പോൾ ജോലി നോക്കുന്നത്. കുറ്റാരോപണം നടന്ന സമയത്ത് സബ് ട്രഷറി ഓഫീസർ ആയിരുന്നു. ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി അംഗീകരിച്ചവർക്ക് മാത്രമേ സെലക്ഷൻ പോസ്റ്റായ ജില്ലാ ട്രഷറി ഓഫീസർ കേഡറിൽ പ്രൊമോഷൻ ലഭിക്കാൻ അർഹതയുള്ളു. ശ്രീ. ടി.പി. ലോഹിതാക്ഷന്റെ ജില്ലാ ട്രഷറി ഓഫീസറായി 1994 മുതലുള്ള നിയമനം റഗുലറൈസ് ചെയ്യുന്ന കാര്യം 25-8-98-ലെ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ മുൻപാകെ വന്നപ്പോൾ അദ്ദേഹത്തിന്റെ ഈ കേസിലുള്ള ഇടപെടൽ വിശദമായി പരിശോധിക്കുകയും പ്രൊമോഷൻ നിഷേധിക്കത്തക്ക കുറ്റം ചെയ്തതായി തെളിവില്ലാത്തതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രൊമോഷൻ താൽക്കാലികമായി റെഗുലറൈസ് ചെയ്യുകയും താൻ ഉൾപ്പെട്ട കേസ്സ് തീരുമാനം ആകുന്നതിന്റെ അടിസ്ഥാനത്തിൽ ഇതിൻമേൽ അന്തിമ തീർപ്പ് കല്പിക്കാനും തീരുമാനിച്ചു.

(എച്ച്) ശ്രീ. റ്റി.പി. ലോഹിതാക്ഷനെ വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ 7-ാം പ്രതിയാക്കിയിട്ടുണ്ട്.

(ഐ) കേസ് കോടതിയുടെ പരിഗണനയിലായതുകൊണ്ട് തൽക്കാലം മറുപടി നൽകാൻ നിർവാഹമില്ല.

23 (3349) തൃപ്പൂണിത്തുറ സബ് ട്രഷറി

<u>ശ്രീ. കെ. ബാബു</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ സബ് ട്രഷറി ഇപ്പോൾ എവിടെയാണ് പ്രവർത്തിച്ചു വരുന്നത്;

(ബി) മാസംതോറും എത്ര രൂപ വാടക തുക ഇനത്തിൽ സർക്കാർ നൽകുന്നുണ്ട്;

(സി) തൃപ്പൂണിത്തുറ മിനി സിവിൽ സ്റ്റേഷനിൽ ഈ സബ് ട്രഷറിക്ക് ആവശ്യമായ സ്ഥലം (കെട്ടിടം) അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുവദിച്ചത്;

(ഡി) മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം ലഭ്യമായിട്ടും ഈ സബ് ട്രഷറി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്തുകൊണ്ടാണെന്നറിയിക്കുമോ;

(ഇ) ഇക്കാര്യത്തിൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടവും പൊതുജനങ്ങൾക്കുണ്ടാകുന്ന ക്ലേശങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത സബ് ട്രഷറി മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റാനുദ്ദേശിക്കുന്നു എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തൃപ്പൂണിത്തുറ സബ് ട്രഷറി ഇപ്പോൾ തൃപ്പൂണിത്തുറയിലുള്ള പാലസ് അഡ്മിനിസ്ട്രേഷന്റെ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി)&(സി) ഈ കെട്ടിടത്തിന് വാടക ഇനത്തിൽ 3360/- രൂപ മാസന്തോറും നൽകുന്നുണ്ട്.

ഈ സബ് ട്രഷറിക്ക് തൃപ്പൂണിത്തുറ മിനി സിവിൽ സ്റ്റേഷനിൽ ആവശ്യമായ സ്ഥലം അനുവദിച്ചതായി എറണാകുളം ജില്ലാ കളക്ടറുടെ 25-11-98-ലെ എ3/33587/94 ഉത്തരവ് മുഖാന്തിരം അറിയിച്ചിട്ടുണ്ട്.

(ഡി) 25-11-98-ന് സ്ഥലം അനുവദിച്ചു കിട്ടിയെങ്കിലും, ട്രഷറി പ്രവർത്തനത്തിന് യോജിച്ച വിധത്തിൽ കെട്ടിടത്തിന് ചില മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുള്ളതിനാലും, വൈദ്യുതി കണക്ഷൻ കിട്ടാത്തതിനാലും പുതിയ കെട്ടിടത്തിൽ ഈ ട്രഷറി പ്രവർത്തനം ആരംഭിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly